LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിലെ നിയമനം

48 (1752) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി നിലവിൽ വന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എന്നു മുതൽ നിയമനം നടത്തുമെന്നു വ്യക്തമാക്കാമോ ;

(സി) പുതിയ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം പഴയ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പുതിയ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നാൽ പഴയ ലിസ്റ്റ് നിലനില്ക്കില്ല എന്ന പി.എസ്.സി.-യുടെ വ്യവസ്ഥ പ്രസ്തുത ലിസ്റ്റിൽ ലംഘിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ പഴയ റാങ്ക് ലിസ്റ്റ് 30-3-15-ൽ റദ്ദാക്കുകയും 31-3-2015-ൽ മേൽ തസ്തികയിലേക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരികയും ചെയ്തു. 30-3-2015-ൽ റദ്ദായ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ടി ലിസ്റ്റിൽ നിന്നാതന്നെ നികത്തുന്നതാണ് എന്ന വിജ്ഞാപന വ്യവസ്ഥപ്രകാരം നിയമന ശിപാർശ നൽകി വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് 31-3-2015 മുതൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ ടി തീയതിയിൽ നിലവിൽ വന്ന പുതിയ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റത്തിനായി സംവരണം

49 (1753) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലെ വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാനകയറ്റത്തിനായി 3% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ ആയതിനായി നടപടി സ്വീകരിക്കുമോ ?